**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** 30-06-2022 - ൽ മറുപടിയ്ക്ക്

**കാട്ടുപന്നികളുടെ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്നതിനു ശേഷം തദ്ദേശ സ്ഥാപനങ്ങൾ മുഖാന്തരം സംസ്കരിക്കുന്നത് ഏതു വിധേനയാണെന്ന് അറിയിക്കാമോ; | (എ) | **ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് സ.ഉ. (കൈ) നം. 29/22/വനം തീയതി 28.05.2022 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണെന്നും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിനും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ ജഡം കത്തിക്കുക, മണ്ണെണ്ണ ഒഴിച്ച് യഥാവിധി കുഴിച്ച് മൂടുക എന്നിവ ഉൾപ്പെടെയുള്ള ശാസ്ത്രീയ സംസ്കരണ മാർഗ്ഗങ്ങളോ കാട്ടുപന്നികളുടെ ജഡം മറവുചെയ്യുന്നതുമായി ബന്ധപ്പെട്ട് അവലംബിക്കാവുന്നതാണ്.** |
| (ബി) | ഇത്തരത്തിലുള്ള കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; ഇതിനായി തോക്കിന്റെ ലൈസൻസ് | (ബി) | 28.05.2022-ലെ സ.ഉ. (കൈ) നം. 29/2022/വനം സർക്കാർ ഉത്തരവ് പ്രകാരം മനുഷ്യജീവനും, സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതമായി |

| | |
|---|---|
| നൽകുന്നതിനുള്ള നിലവിലെ ക്രമീകരണം വ്യക്തമാക്കാമോ; കാട്ടുപന്നികളെ കൊന്നതിന് ശേഷം ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ? | നശിപ്പിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.<br><br>2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.<br><br>3. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.<br><br>4. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും, ജഡം യഥാവിധി സംസ്കരിക്കുന്നതിനും മേൽ പ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.<br><br>5. 05.05.2022-ലെ സ.ഉ.(കൈ) നം. 23/2022/വനം സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടി ക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് ഒരു വർഷത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.<br><br>6. ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി മേൽ പ്രസ്താവിച്ച പ്രകാരം വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം |

| | | | |
|---|---|---|---|
| | | | കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്. അതാത് ജില്ലാ ഭരണകൂടം മുഖാന്തരമാണ് നിലവിൽ തോക്ക് ലൈസൻസ് നൽകിവരുന്നത്. കാട്ടുപന്നികളെ കൊന്നതിന് ശേഷം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മാത്രമാണ് നിലവിൽ സർക്കാർ ഉത്തരവ് പ്രകാരം അനുമതിയുള്ളത്. |

സെക്ഷൻ ഓഫീസർ